ഭാഷയും പഠിക്കാനും, ഇന്ത്യയും റോമകളും തമ്മിലുള്ള സാംസ്കാരിക ബന്ധങ്ങളെപ്പററി ഗവേഷണം നടത്താനും ആണ്, പ്രധാനമായും, ഈ സ്കോളർഷിപ്പുകരം നൽകുക. ഇന്ത്യ സന്ദർശിക്കുന്ന ജിപ്സി കലാസമിതികരംക്കു താമസച്ചെലവും യാത്രച്ചെലവും നൽകാമെന്ന നിർദേശവും ഉണ്ടായിട്ടുണ്ട്. ഈ ആവശ്യങ്ങരംക്കായി ഇന്ത്യാഗവണ്മെൻറാ, സ്വകാര്യസ്ഥാപനങ്ങളോ ആവിഷ്കരിക്കുന്ന പരിപാടികരംക്കു ലോക റോമനി യൂണിയൻ സർവസഹായങ്ങളും വാഗ്ദാനംചെയ്തിട്ടുമുണ്ട്.

'ഒക്ടോബർ മാസത്തിൻെറ ഉത്തരാർദ്ധത്തിൽ പഞ്ചാബിലെ വായുമണ്ഡലത്തിലാകെ റോമകളുടെ സൗരഭ്യം നിറഞ്ഞുനിന്നു' എന്നു നവംബർ 7—ാം തീയതി പ്രസിദ്ധപ്പെടുത്തിയ ഒരു റിപ്പോർട്ടിൽ 'ഹിന്ദു' പത്രം പ്രസ്താവിച്ചിരുന്നു. ഉവ്വോ? നിസ്സാര പ്രശ്നങ്ങളെച്ചൊല്ലി അന്യോന്യം കടിച്ചു കീറുകയും മാന്തിപ്പൊളിക്കുകയുംചെയ്യുന്ന പഞ്ചാബികരം—അകാലികളും, ഹിന്ദുക്കളും—റോമകളുടെ സൗരഭ്യം, അവരുടെ സാംസ്കാരതൃഷ്ണയും അവരുടെ സംഗീതനൃത്തങ്ങളിൽ മുഴങ്ങിക്കേട്ട ഐക്യസന്ദേശവും ഉരംക്കൊള്ളുകയുണ്ടായോ?

ഈ ചോദ്യത്തിനു 'ഇല്ല' എന്ന ഒററ വാക്കിൽ ഉത്തരം കുറിക്കേണ്ടി വന്നതിൽ എനിക്കു ഖേദമുണ്ട്.

(8 നവംബർ, 1983)

# 69. മാതൃഭാഷയിലേക്കു വീണ്ടും

വടക്കേ അമേരിക്കയിൽ, ന്യൂയോക്ക് സ്റ്റേററ് എന്ന പേരിൽ ഇന്നു് അറിയപ്പെടുന്ന ഭൂവിഭാഗത്തിൽ പതിനേഴാം നൂററാണ്ടിൽ എത്തിയ യൂറോപ്യന്മാർ ഇറോക്കോയ് (Iroquois) എന്ന പൊതുപ്പേരിൽ വിളിക്കപ്പെട്ടിരുന്ന ആറു ഗോത്രങ്ങളുടെ ഒരു സഖ്യം അവിടം വാണിരുന്നതായി കാണുകയുണ്ടായി; മൊഹാക്, ഓനൈഡ, ഓനോൻഡാഗ, കായുഗ, സെനെക, ടസ്കരോര എന്നിവയായിരുന്നു ഗോത്രങ്ങളുടെ പ്രത്യേക നാമങ്ങരം. ഇക്കഴിഞ്ഞ മൂന്നു നൂററാണ്ടുകളിൽ യുറോപ്യൻ കുടിയേറിപ്പാർപ്പുകാരിൽനിന്നുണ്ടായ അക്രമങ്ങളും സമ്മർദങ്ങളും നിമിത്തം ഈ ഗോത്രങ്ങളുടെ ജനസംഖ്യ വളരെ ക്ഷയിച്ചിട്ടുണ്ട്. അവരിൽ ഇന്നു് അവശേഷിച്ചിട്ടുള്ളവരധികവും പാർക്കുന്നതു് അമേരിന്ത്യൻ ഗോത്രങ്ങരംക്കു നീക്കിവച്ചിട്ടുള്ള 'റിസർവു'കളിൽ ആണ്. ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ട ഇവർ പാശ്ചാത്യസംസ്കാരവും പാശ്ചാത്യജീവിതരീതിയും ഏറെക്കുറെ പൂർണമായിത്തന്നെ ഉരംക്കൊണ്ടുകഴിഞ്ഞിരിക്കുന്നു.

ഈ ഗോത്രങ്ങളിൽ, മൊഹാക്കുക(Mohawks)ളോടാണു പാശ്ചാത്യർ ആദ്യമായി പരിചയപ്പെട്ടതു്. പാശ്ചാത്യരുമായി പ്രഥമസമ്പർക്കം ഉണ്ടായ കാലത്തു വേട്ടക്കാരും പടയാളികളുമായിരുന്നു മൊഹാക്കുകരം. ഭരണം പാശ്ചാത്യരുടെ കൈകളിലാവുകയും വനഭൂമികരം നഷ്ടപ്പെടുകയുംചെയ്തതോടെ ഇവർക്കു മററു ജീവിതപ്രവൃത്തികരം അവലംബിക്കേണ്ടി വന്നു. ക്രമേണ ഇവർ രോമത്തോൽ ശേഖരിക്കുന്നവരും മരംവെട്ടുകാരുമായി. 1886—ൽ സെയിൻറ് ലോറൻസ് നദിയിൽ കെട്ടിയ ഒരു പാലത്തിൻെറ ഒരററം എത്തിനിന്നതു് ഇവർ പാർക്കുന്ന കൗഘ്വാഗറിസർവിൽ ആയിരുന്നു. ഈ പാലം നിർമ്മിക്കുന്നതു കണ്ടു മൊഹാക്കുകരം ഇരുമ്പുപണിയിൽ തല്പരരായി. ക്രമേണ ഇരുമ്പുപയോഗിച്ച പാലങ്ങളും ബഹുനിലക്കെട്ടിടങ്ങളും പണിയുന്നതിൽ മൊഹാക്കുകരം വിദഗ്ധരാ

യിത്തീർന്നു. ന്യൂയോർക്കുനഗരത്തിലെ കെട്ടിടംപണിക്കാർക്കിടയിൽ മൊഹാക്കുകളെ ഇപ്പോൾ ധാരാളമായി കാണാം.

രണ്ടാം മഹായുദ്ധത്തിനുശേഷം മൊഹാക്കുകളുടെ കുട്ടികൾ സ്കൂളുകളിൽ ചേർന്ന് ഇംഗ്ലീഷിലൂടെ വിദ്യാഭ്യാസം നേടാൻ തുടങ്ങി. അതോടെ ഇളം തലമുറയിൽ മൊഹാക് ഭാഷ അറിയാവുന്നവർ ചുരുക്കമായി. എങ്കിലും, ചുററുപാടുമുള്ള വെള്ളക്കാരുടെയും നീഗ്രോകളുടെയും കുട്ടികളിൽനിന്നു് എന്തോ ചില വ്യത്യാസങ്ങൾ തങ്ങൾക്കുണ്ടെന്നു് ഈ മൊഹാക് വിദ്യാർത്ഥികൾക്കു് അനുഭവപ്പെടാതിരുന്നില്ല. പക്ഷേ, തങ്ങളെ വ്യത്യസ്തരാക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്നു പറയുവാൻ അവർക്കു കഴിഞ്ഞില്ല. വിലപിടിച്ച എന്തോ ചിലതു തങ്ങൾക്കു പൈതൃകമായി ലഭിച്ചിരുന്നു എന്നും, വീണ്ടെടുക്കാനാവാത്തവിധം ഈ അനർഘസമ്പത്തു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുമുള്ള തീവ്രബോധം ക്രമേണ അവരിൽ വേരുറച്ചു. വെള്ളക്കാരെ അനുകരിക്കുന്നതിനെക്കാൾ എത്രയോ അഭിമാനകരമാണു് അമേരിന്ത്യരായി തുടരുക എന്നു് അവർ കരുതി. എങ്കിലും അമേരിന്ത്യത്വത്തിന്റെ ഏററവും പ്രകടമായ, പ്രതീകമായ മൊഹാക്ഭാഷ അതിനകം അവർക്കു കൈമോശം വന്നുകഴിഞ്ഞിരുന്നു. ഇക്കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിൽ, ഒരൊററ തലമുറയ്ക്കകം, ഇരുന്നൂറോളം അമേരിന്ത്യൻ ഭാഷകൾ യുണൈറ്റഡ് സ്റ്റേററ്സിലും കാനഡയിലുമായി നിത്യനാശത്തിന്റെ വക്കിൽ എത്തി നിലകൊള്ളുകയാണു്!

പക്ഷേ, അമേരിന്ത്യൻ ഗോത്രക്കാർ നിരാശരായിട്ടില്ല. അനിവാര്യമെന്നു തോന്നിയ ഈ വിപത്തിനെതിരെ അവർ പ്രവൃത്തിരംഗത്തിൽ ഇറങ്ങിയിരിക്കുന്നു, ഗോത്രവർഗക്കാർ പാർക്കുന്ന റിസർവുകൾക്കടുത്തുള്ള സ്കൂളുകളിൽ, പ്രവൃത്തിദിവസങ്ങളിൽ സ്കൂൾസമയത്തിനുശേഷവും ഒഴിവുദിവസങ്ങളിലും ഗോത്രവർഗഭാഷകൾ പഠിപ്പിക്കുന്നതിനുള്ള ക്ലാസുകൾ ഇപ്പോൾ സർവസാധാരണമായിരിക്കുന്നു. മൊഹാക്കുകളുടെ റിസർവിൽ നഴ്സറിക്ലാസു മുതൽ ആറാംക്ലാസുവരെ മൊഹാക് ഭാഷ ഔപചാരികവിദ്യാഭ്യാസത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. വേണമെന്നുള്ളവർക്കു ഹൈസ്കൂളുകളിലും ഈ പഠനം തുടരാം. ഇതിന്റെ ഫലമായി പൊതുസ്ഥലങ്ങളിൽ വീണ്ടും കുട്ടികൾ മൊഹാക്ഭാഷ സംസാരിക്കാൻ തുടങ്ങിയിട്ടുണ്ടു്. വളരെ മുതിർന്നവർക്കും കുട്ടികൾക്കും ഇപ്പോൾ മൊഹാക്ഭാഷ നിഷ്പ്രയാസം കൈകാര്യംചെയ്യാമെന്നായിട്ടുണ്ടു്. ഇടക്കാലത്തു് ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലൂടെ വിദ്യാഭ്യാസം നേടുകയും മൊഹാക്ഭാഷ പ്രത്യേകമായി പഠിക്കാതിരിക്കുകയുംചെയ്ത യുവാക്കൾക്കാണു് ആ ഭാഷ വഴങ്ങാത്തതു്.

മൊഹാക്ഭാഷ നല്ലപോലെ അറിയാവുന്ന ആയിരത്തോളം മുതിർന്നവരേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ. ഇവരൊന്നും ആ ഭാഷ സ്കൂളിൽ പഠിച്ചവരല്ല; വീട്ടിൽ മാതാപിതാക്കൾ സംസാരിക്കുന്നതു കേട്ടു പഠിച്ചവരാണു്. ആ ഭാഷയിൽ പുസ്തകങ്ങളില്ല. അതിന്റെ വ്യാകരണം ആരും തയ്യാറാക്കിയിരുന്നില്ല, സാഹിത്യസമ്പത്തില്ലാത്ത സ്വന്തമായി ഒരു ലിപിയില്ലാത്ത, വെറും ആയിരത്തോളം ആളുകൾ മാത്രം സംസാരിക്കുന്ന, മൊഹാക്ഭാഷ പുനരുദ്ധരിക്കുകയെന്നതു് എളുപ്പമായ സംഗതിയായിരുന്നില്ല. ഇംഗ്ലീഷ്ഭാഷയാകുന്ന മഹാസമുദ്രത്തിൽ അലിഞ്ഞുതീരാറായ ഒരു കൊച്ചു തുരുത്തു മാത്രമായിരുന്നുവല്ലോ ആ ഗോത്രഭാഷ. അതു പഠിച്ചിട്ടു ഭൗതികമായ ഒരു നേട്ടവും ആർക്കും കൈവരാനില്ല. നേരെമറിച്ചു ബാല്യകാലത്തിലെ വിദ്യാഭ്യാസത്തിന്റെയും ഗാർഹികോപയോഗത്തിന്റെയും ഭാഷ മൊഹാക് ആകുന്നതുമൂലം ചില കോട്ടങ്ങളുണ്ടുതാനും. അയൽപക്കത്തെ കുട്ടികളോടൊപ്പം ധാരാവാഹിയായും ശൈലീസുന്ദരമായും ഇംഗ്ലീഷ് സംസാരിക്കാൻ മൊ

ഹാക്ക് കുട്ടികൾക്കു പ്രയാസം നേരിടുന്നു എന്നതാണു മുഖ്യമായ കോട്ടം. ഇംഗ്ലീഷ് ഭാഷയിലെ വൈദഗ്ദ്ധ്യക്കുറവു താരതമ്യേന മെച്ചപ്പെട്ട ജോലികൾ നേടുന്നതിൽ തടസ്സമാവുന്നുണ്ടു് അമേരിക്കയിൽ. അതിനാൽ സ്കൂളിൽ മൊഹാക്ക് പഠിപ്പിക്കാതിരിക്കുകയും വീട്ടിലും ഇംഗ്ലീഷു സംസാരിക്കുകയുമാണു പ്രായോഗികബുദ്ധി. ഈ പ്രായോഗികബുദ്ധിക്കെതിരെ പൊരുതി വിജയം നേടിയ ആദർശനിഷ്ഠയാണു മൊഹാക്കുകളുടെ മാതൃഭാഷാ പുനഃസ്ഥാപനശ്രമത്തെ ധീരോദാത്തമാക്കുന്നതു്.

മൊഹാക്ക് റിസർവിനടുത്തു പാർക്കുന്ന പാശ്ചാത്യരുടെ ഭാഷകളായ ഇംഗ്ലീഷിൽനിന്നും ഫ്രഞ്ചിൽനിന്നും മൗലികമായി വ്യത്യാസമുള്ള ഒന്നാണു് മൊഹാക്ക്ഭാഷ. അതിന്റെ വാക്യഘടന ഭിന്നമാണു്. കർത്താവു്, ക്രിയ, കർമ്മം എന്ന വിന്യാസക്രമം ഇംഗ്ലീഷിലും ഫ്രഞ്ചിലും അലംഘ്യമാണല്ലോ. ഇത്തരമൊരു 'നിയത—പദക്രമഭാഷ' അല്ല മൊഹാക്ക്. കർത്താവു്, കർമ്മം, കാരണം മുതലായവയെ വിഭക്തികൾകൊണ്ടു സൂചിപ്പിക്കുന്ന സംസ്കൃതത്തിലെന്നപോലെ മൊഹാക്കിലും വാക്യത്തിൽ പദങ്ങൾ ഏതു ക്രമത്തിലും വിന്യസിക്കാം. നാമപദങ്ങളിൽ വിഭക്തികൾ ചേരുന്നതിനാൽ അതൊരു 'സ്വതന്ത്രപദക്രമഭാഷ' ആകുന്നു.

വളരെയധികം സങ്കീർണ്ണമാണു് മൊഹാക്കിലെ ക്രിയാരൂപം. കർത്താവിലും കർമ്മത്തിലുമുള്ള ഭേദങ്ങൾ മലയാളത്തിലെ ക്രിയാപദങ്ങളിൽ ഒരു ഭേദവും വരുത്തുന്നില്ല. വർത്തമാനകാല ക്രിയകൾക്കു് ഏകവചന—ബഹുവചന ഭേദമുണ്ടെന്നതൊഴിച്ചാൽ ഇംഗ്ലീഷിലും ക്രിയാപദങ്ങൾ വ്യത്യാസപ്പെടുന്നില്ല. എന്നാൽ, തമിഴിൽ 'അവൻ വന്താൻ, അവൾ വന്താൾ, അവർ വന്താർ' എന്നിങ്ങനെ കർത്താവിന്റെ പുരുഷൻ, ലിംഗം, വചനം എന്നിവ ക്രിയാപദത്താൽ രൂപഭേദങ്ങളുണ്ടാകുന്നു. മൊഹാക്ക് ഭാഷയിലെ ക്രിയാപദമാകട്ടെ, കർത്താവിന്റെ മാത്രമല്ല കർമ്മത്തിന്റെയും പുരുഷൻ, ലിംഗം, വചനം എന്നിവയനുസരിച്ചു വ്യത്യസ്ത രൂപങ്ങൾ കൈക്കൊള്ളുന്നു. ഇങ്ങനെ വളരെയേറെ വസ്തുതകൾ സൂചിപ്പിക്കുന്ന ഘടകങ്ങളെ ഒരൊററ പദത്തിൽ കുത്തിനിറയ്ക്കുന്ന ഭാഷകളെ 'പോളി സിന്തെററിക്' (Poly-Synthetic) എന്നു വിളിക്കുന്നു. മൊഹാക്ക് ഒരു പോളി സിന്തെററിക് ഭാഷയാണു്. സംസ്കൃതത്തിലെന്നപോലെ മൊഹാക്കിലും ഒരു ധാതുവിൽനിന്നു് അനേകശതം വ്യത്യസ്ത ക്രിയാരൂപങ്ങൾ നിഷ്പാദിപ്പിക്കാം. ചെയ്യുന്ന പ്രവൃത്തിയുടെ ദിശ, ക്രമം മുതലായവ സൂചിപ്പിക്കാൻ ധാതുക്കളോടു് ഉപസർഗ്ഗങ്ങൾ ചേർക്കുന്ന സമ്പ്രദായവും സംസ്കൃതത്തിലെന്നപോലെ മൊഹാക്കിലുണ്ടു്.

ഇംഗ്ലീഷിലെപ്പോലെ ഏകവചനവും ബഹുവചനവും മാത്രമല്ല, സംസ്കൃതത്തിലെപ്പോലെ ദ്വിവചനവും ഉള്ള ഒരു ഭാഷയത്രേ മൊഹാക്ക്. മലയാളത്തിലെ 'നമ്മൾ', 'ഞങ്ങൾ' എന്നിവപോലെ, ശ്രോതാവിനെ ഉൾപ്പെടുത്തിയും ഉൾപ്പെടുത്താതെയുമുള്ള രണ്ടു് ഉത്തമപുരുഷ സർവനാമങ്ങളും അവയുടെ അടിസ്ഥാനത്തിൽ ക്രിയാപദത്തിൽ രൂപഭേദവും മൊഹാക്കിൽ കാണാം. പുല്ലിംഗവും സ്ത്രീലിംഗവും നപുംസകലിംഗവും മൊഹാക്കിലെ നാമങ്ങളിലുണ്ടു്. ഈ ലിംഗഭേദം ക്രിയാപദത്തിലും പ്രതിഫലിക്കുന്നു. ഉപസർഗങ്ങളും പ്രത്യയങ്ങളും ചേർക്കുമ്പോൾ മൊഹാക്ക് ധാതുവിൽ പല സന്ധിവികാരങ്ങളും ഉണ്ടാവുന്നു. പലപ്പോഴും ക്രിയാപദങ്ങൾ നാമപദങ്ങളെ ഉൾക്കൊള്ളുന്നതും കാണാം. 'പുത്രനെ ആഗ്രഹിക്കുന്നു' എന്ന അർത്ഥത്തിൽ 'പുത്രീയതി' എന്നു സംസ്കൃതത്തിൽ പ്രയോഗിക്കുന്നതുപോലെയാണിതു്. മുഖം ആദിയായ അവയവങ്ങൾ എന്റെയോ, നിന്റെയോ, അവന്റെയോ, അവളുടെയോ, അതിന്റെ

യോ, അവയുടെയോ ആണെന്നു കാട്ടുന്നതിനു്, അവയവവാചകങ്ങളായ പദങ്ങളോടു പലമാതിരി ഉപസർഗങ്ങൾ മൊഹാക്കിൽ ചേർക്കുന്നു.

വാക്യരചനയിലും പദനിഷ്പാദനത്തിലുമുള്ള ഈ സങ്കീർണത കൾക്കു പുറമെയാണു്, ലാക്ഷണികപ്രയോഗങ്ങൾമൂലം മൊഹാക് ഭാഷയിൽ ഉളവാകുന്ന പ്രതീതിവൈഷമ്യം. 'കടന്നുവരുന്നു' എന്ന അർത്ഥത്തിലുള്ള പദംതന്നെ ആ ഭാഷയിൽ 'ഉമ്മറം' എന്നും 'വേശ്യാലയം' എന്നുമുള്ള അർത്ഥത്തിൽ പ്രയോഗിക്കുന്നു. 'പാൽ' എന്ന അർത്ഥത്തിലുള്ള പദംതന്നെയാണു 'മുല' എന്ന അർത്ഥത്തിലും. അതിനാൽ, 'ചായയിൽ പാൽ വേണമോ?' എന്ന ചോദ്യത്തിനു്, 'വേണ്ട, ചായയ്ക്കു ചൂടു കൂടുതലാണു്' എന്ന ഫലിതോത്തരം മൊഹാക്കുകൾക്കിടയിൽ സാധാരണമാണു്. വിശേഷണങ്ങളായുപയോഗിക്കുന്നതു ക്രിയാപദങ്ങളാണു് എന്നതും മൊഹാക്കിന്റെ ഒരു സവിശേഷതയത്രേ.

അന്യഭാഷകളിൽനിന്നു പദങ്ങൾ ധാരാളമായി കടംകൊള്ളുന്ന ഒരു ഭാഷയാണല്ലോ ഇംഗ്ലീഷ്. കടമെടുപ്പു കഴിയുന്നതും കുറച്ച്, അവശ്യാനുസരണം സ്വന്തം ധാതുക്കളിൽനിന്നു പദങ്ങൾ സൃഷ്ടിക്കുന്ന ഭാഷകളാണു് ചൈനീസ്, സംസ്കൃതം, തമിഴ് എന്നിവ; മൊഹാക്കും ഇത്തരം 'ജനക' (generative) ഭാഷകളിലൊന്നാണു്. അതിനാൽ, പല ആശയങ്ങളും വളച്ചുകെട്ടി പറയേണ്ടിവരുന്നു. 'ടെലിഫോൺ' എന്ന അർത്ഥത്തിൽ മൊഹാക്കുകൾ ഉപയോഗിക്കുന്നതു് ഇരുപത്തിരണ്ടു് അക്ഷരങ്ങളുള്ള ഒരു നീണ്ട വാക്കാണു്. 'അതിൽ ശബ്ദം കുത്തിത്തിരുകാം' എന്നാണു് ആ വാക്കിന്റെ വാച്യാർത്ഥം.

വൈദികഭാഷയിലെന്നപോലെ സ്വരങ്ങൾക്കു് ഉദാത്തം, അനുദാത്തം എന്ന രണ്ടു തരം ഉച്ചാരണങ്ങൾ മൊഹാക്കിൽ ഉണ്ടു്. ഈ ഉച്ചാരണഭേദം അർത്ഥഭേദത്തിനു കാരണമാകുന്നു.

മൊഹാക് ഭാഷയിലെ ഉച്ചാരണവും പദനിഷ്പാദനവും വാക്യഘടനയും ഇത്രയേറെ സങ്കീർണതകൾ ഉൾക്കൊള്ളുന്നതിനാൽ, ആ ഭാഷ പഠിക്കുക ഒട്ടും എളുപ്പമല്ല. വളരെയേറെ കഷ്ടപ്പെട്ടു വിനാശോന്മുഖമായ ഈ അല്പസംഖ്യഭാഷ എന്തിനു പുനരുദ്ധരിക്കണം. എന്തിനു ലോകഭാഷയായ ഇംഗ്ലീഷിനെ പുറന്തള്ളി അതു വീടുകളിൽ സംഭാഷണത്തിനു് ഉപയോഗിക്കണം? പ്രയോജനകരമായ മററു പല വിഷയങ്ങളും പഠിപ്പിക്കാവുന്ന സമയത്തു് എന്തിനു് അതു സ്കൂൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണം? അമ്പും വില്ലുമെടുത്തു വേട്ടയാടിയിരുന്ന കാലത്തേക്കു പററിയ ഒരു അപരിഷ്കൃതമൊഴിയാണു മൊഹാക് എന്നു് മൊഹാക്കുകളിൽത്തന്നെ പലരും വിശ്വസിച്ചിരുന്നു. പലരും സ്വന്തം കുടുംബങ്ങളിൽനിന്നും ആ ഭാഷ തീരെ ബഹിഷ്കരിച്ചുമിരുന്നു. വീട്ടിൽ മൊഹാക് സംസാരിച്ചു പരിചയിച്ച കുട്ടികൾ സ്കൂളിൽ ഇംഗ്ലീഷു പഠിക്കാൻ വളരെയേറെ ക്ലേശിച്ചിരുന്നു. ഉച്ചാരണവൈകല്യങ്ങളെ മുൻനിർത്തി അവരെ പരിഹസിക്കാൻ, ശിക്ഷിക്കാൻപോലും, ആളുകൾ കുറവായിരുന്നില്ല. പഠിപ്പു തീർന്നാൽ നല്ല ജോലി കിട്ടാൻ മൊഹാക് പാരമ്പര്യം അവർക്കു തടസ്സമായിരുന്നു. സ്വന്തം പൈതൃകം മറച്ചുവയ്ക്കാൻ ചിലരെങ്കിലും ഈ പരിസ്ഥിതികളിൽ നിർബന്ധിതർ ആയതിൽ ആശ്ചര്യമെന്തുള്ളു?

എന്നിട്ടും മൊഹാക്കിനെ ഇംഗ്ലീഷ് ഏറെക്കുറെ പൂർണമായി തുടച്ചുനീക്കുകയും മൊഹാക് കുട്ടികൾക്കു തങ്ങളുടെ മാതൃഭാഷ മനസ്സിലാവാത്ത നില വരുകയുംചെയ്തപ്പോൾ, തങ്ങളുടെ സമ്പന്നമായ പൈതൃകം എന്നന്നേക്കുമായി തിരോധാനംചെയ്യുന്നതിൽ മൊഹാക്കുകൾ ആശങ്കാകുലരായി. തങ്ങൾ മൊഹാക്കുകൾ ആണെന്നതിൽ അവർക്കഭിമാനം തോന്നിത്തുടങ്ങി. സാംസ്കാരികവും വർഗപരവുമായ തങ്ങളുടെ അസ്മിത (ഐഡൻറിററി) നിലനിർത്തണമെന്നു് അവർ, പ്രത്യേകി

ച്ച യുവാക്കൾ, ഉൽക്കടമായി ആഗ്രഹിച്ചു. മൊഹാക് മാതൃഭാഷയായ ഏതാനും അദ്ധ്യാപകർ അവരുടെ ഭാഷ ആഴത്തിൽ പഠിക്കാനും, ക്രമബദ്ധമായി അതു പഠിപ്പിക്കാനുമുള്ള ഒരു പദ്ധതി ആറു കൊല്ലം മുമ്പ് ആവിഷ്കരിച്ചു. നിരന്തരമായ അദ്ധ്വാനം നിമിത്തം ഈ പ്രയത്നത്തിൽ അവർ വിജയിക്കുകയുംചെയ്തു. ഈ വിജയത്തിന്റെ ഒരു ചിഹ്നമാണു സ്കൂൾ സമയത്തിനുശേഷം റിസർവുകളിൽ നടക്കുന്ന ഗോത്രഭാഷാ ക്ളാസുകൾ. സ്കൂൾ പഠനത്തിന്റെ അവിഭാജ്യഭാഗമായി ഗോത്രഭാഷാപഠനം അംഗീകരിക്കപ്പെട്ട നടപ്പായതു മറ്റൊരു ചിഹ്നവും. ആവശ്യമായ പാഠപുസ്തകങ്ങളും സഹായകഗ്രന്ഥങ്ങളും മറ്റു പഠനോപകരണങ്ങളും ഇപ്പോൾ മൊഹാക് ഭാഷയിൽ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസപദ്ധതിയിൽ മാത്രമല്ല, സമൂഹത്തിലും ആദരണീയമായ സ്ഥാനം മൊഹാക് ഭാഷയ്ക്കു കൈവന്നിരിക്കുന്നു.

എന്തിനവർ മൊഹാക് ഭാഷ പഠിക്കുന്നു? എല്ലാ മൊഹാക്കുകൾക്കും ഇംഗ്ലീഷ് അറിയാമെന്നിരിക്കേ,ആശയവിനിമയത്തിനുവേണ്ടി മൊഹാക് പഠിക്കേണ്ടതില്ല. ആ ഭാഷ പഠിക്കുന്നതിന്റെ മുഖ്യപ്രയോജനം നടേ പറഞ്ഞപോലെ, ഒരു ജനതയുടെ സാമൂഹ്യവും വൈയക്തികവുമായ അസ്മിത വീണ്ടെടുക്കലാണ്. അത്യന്തം സമ്പന്നതയും വൈവിധ്യവുമുള്ള ഒരു പൈതൃകത്തിൽ പങ്കാളികളാവാൻ, അതിൽനിന്നെടുക്കാനും അതിലേക്കു കൊടുക്കാനും, അവരുടെ മാതൃഭാഷ മൊഹാക്കുകൾക്കു കഴിവു നൽകുന്നു.

'മൊഹാക് സംഭാഷണത്തിന്റെ സവിശേഷത, ഇടയ്ക്കിടയ്ക്കുള്ള പൊട്ടിച്ചിരികളാണ്. ഫലിതകഥകൾ നിധിപോലെ സംരക്ഷിച്ച് ആവർത്തിക്കപ്പെടുന്നു. മൊഹാക് ഫലിതം പ്രായേണ ശ്ലേഷാധിഷ്ഠിതമാണ്. ഭാഷ ഉപയോഗിക്കുന്ന രീതിയിൽനിന്നു നിരന്തരമായ ആഹ്ലാദം ഉളവാക്കാൻ മൊഹാക്കുകൾക്കു കഴിയുന്നു. ഇംഗ്ളീഷ്മാത്രം അറിയാവുന്നവർക്ക് ഈ ആഹ്ലാദം അപ്രാപ്യമാകുന്നു....മൊഹാക് അദ്ധ്യാപകരുടെ ഉത്സാഹത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ഫലമായി ഒരു സ്വപ്നം യഥാർത്ഥമായിത്തീർന്നുകൊണ്ടിരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസപ്രായത്തിലുള്ള കുട്ടികൾ സ്കൂളിനു പുറത്തു സ്വാഭാവികമായി മൊഹാക് സംസാരിച്ചുതുടങ്ങിയിരിക്കുന്നു. സ്വന്തം സമുദായത്തിൽനിന്നു പ്രോത്സാഹനം ലഭിക്കുന്ന ഈ കുട്ടികൾ, തങ്ങൾ ആരാണെന്നും എവിടെനിന്നു വന്നവരാണെന്നുമുള്ള ബോധത്തോടെ വളരും.'

പല കാരണങ്ങൾകൊണ്ടും അപരിഷ്കൃതമെന്നു പറയാവുന്ന, സാഹിത്യമോ,ലിപിയോ ഇല്ലാത്ത, ഒരു അല്പസംഖ്യകഭാഷ ഇംഗ്ലീഷിനോടെതിരിട്ട് അമേരിക്കയിൽ പുനരുജ്ജീവനം നേടുന്നതിന്റെ ഒരു ചിത്രമാണു നാം ഇവിടെക്കണ്ടതു്. ഇതിൽനിന്ന് ഇന്ത്യയിലുള്ള നമുക്ക് എന്തെങ്കിലും പഠിക്കാനുണ്ടോ? ഉണ്ടെങ്കിൽ നാം അതു പഠിക്കുമോ?

(1979—ൽ വിൻത്രോപ് പബ്ലിഷേഴ്സ് അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയ 'ഭാഷകളും അവയുടെ അന്തസ്സും' (Languages and their Status) എന്ന പുസ്തകത്തിൽ മരിയാൻ മിഥുൻ, വാലസ് എൽ. ചെയ്ഫ് എന്നിവർ ചേർന്നെഴുതിയ 'മൊഹാക് ഭാഷ വീണ്ടെടുക്കൽ' (Recapturing the Mohawk Language) എന്ന ലേഖനമാണ് ഈ പ്രബന്ധത്തിന് അവലംബം. അൽബനിയിലെ ന്യൂയോർക്ക് സ്റ്റേററ് യൂണിവേഴ്സിററിയിൽ ഭാഷാശാസ്ത്രാദ്ധ്യാപികയാണ് മരിയാൻ മിഥുൻ. ബെർക്ക്ലെയിലെ കാലിഫോർണിയ യൂണിവേഴ്സിററിയിൽ ഭാഷാശാസ്ത്രാദ്ധ്യാപകനാണ് വാലസ് ചെയ്ഫ്. ഇരുവരും അമേരിന്ത്യൻ ഭാഷാവിദഗ്ദ്ധരും പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞന്മാരുമാണ്.)

(15 ഒക്ടോബർ, 1981)